LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകളിലെ പൊതുശ്മശാനങ്ങൾ

118 (1589) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി നിലവിൽ എത്ര പൊതുശ്മശാനങ്ങളുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ പൊതുശ്മശാനങ്ങളില്ലാത്ത ഏതെങ്കിലും നഗരസഭകൾ ഉണ്ടോ ; എങ്കിൽ അത്തരം നഗരസഭകളിൽ പൊതുശ്മശാനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവയുടെ വ്യാപ്തിയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും പുതിയ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ 52 നഗരസഭകളിൽ പൊതുശ്മശാനം നിലവിലുണ്ട്. (5 കോർപ്പറേഷനുകളിലും 47 മുനിസിപ്പാലിറ്റികളിലും) പൊതുശ്മശാനങ്ങളില്ലാത്ത നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നു. ഇരിങ്ങാലക്കുട, മട്ടന്നൂർ, കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി എന്നീ നഗരസഭകൾക്ക് ഇതിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നഗരസഭകളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവ ആധുനികവൽക്കരിക്കുന്നതിനും പുതിയത് നിർമ്മിക്കുന്നതിനും പരിഗണന നൽകുന്നുണ്ട്.

വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

119 (1590) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ആർ.സി. സെക്ഷനിലെ ഫയലിലും നഗരകാര്യ ഡയറക്ടറേറ്റിൽ ജി. സെക്ഷനിൽ കൈകാര്യം ചെയ്ത് വരുന്ന ഫയലിലും നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?